# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.3993 27.6.2012-ൽ മറുപടിയ്ക്ക്

## എൻ.ആർ.ഡബ്ല്യു.എസ്.എസ്. കുടിവെള്ളപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എൻ. ആർ. ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഇപ്രകാരം ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ബി) കാസർഗോഡ് ജില്ലയിൽ എൻ. ആർ. ഡി.ഡബ്ല്യു. പിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികളും തുകയും താഴെ വിവരിക്കുന്നു.<br><br>2010- ൽ കൂടിയ എസ്.എൽ.എസ്. എസ്.സിയിൽ വെസ്റ്റ് എളേരി കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയ്ക്ക് 175.33 ലക്ഷം രൂപയ്ക്ക് അനുമതി നല്കിയിട്ടുണ്ട്.<br><br>2011- ൽ കൂടിയ എസ്.എൽ.എസ്. എസ്.സിയിൽ<br><br>1. ഈസ്റ്റ് എളേരി പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് 1712 ലക്ഷം രൂപയ്ക്ക് ഡി.ഇ.ആർ സമർപ്പിച്ചിരുന്നു. കമ്മിറ്റിയുടെ തീരുമാനപ്രകാരം |

1212 ലക്ഷം രൂപയ്ക്ക് ഫേസ് -1 ആയി അനുമതി നല്കിയിട്ടുണ്ട്.

2. കൂടാതെ എൻ ആർ.ഡി.ഡബ്ല്യു പി.യിൽ സുസ്ഥിര സ്രോതസ്സ് പദ്ധതിയിൽ പ്പെടുത്തി ഉപ്പള ആറിൽ ഒരു ആർ.സി.സി. വിയർ നിർമ്മാണത്തിന് 595 ലക്ഷം രൂപയ്ക്കും അനുമതി നല്കിയിട്ടുണ്ട്.

2012-ൽ കൂടിയ എസ്.എൽ.എസ്. എസ്.സിയിൽ

1. ബന്ധടുക്കയും അനുബന്ധ വില്ലേജുകൾക്കുമുള്ള കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി 1420 ലക്ഷം രൂപയ്ക്ക് ഡി.ഇ.ആർ സമർപ്പിച്ചിരുന്നു. എന്നാൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം 800 ലക്ഷം രൂപയ്ക്ക് ഫേസ് -1 ആയി അനുമതി നല്കിയിട്ടുണ്ട്.

2. പനയിൽ വില്ലേജിനുവേണ്ടി ബി.ആർ.ഡി.സി കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല നീട്ടുന്നതിനുള്ള പദ്ധതിയ്ക്ക് 110 ലക്ഷം രൂപയ്ക്ക് അനുമതി നല്കിയിട്ടുണ്ട്.

3. ബലാൽ വില്ലേജുകളിലെ 6 വാർഡുകൾക്കും മാലം വില്ലേജിലെ 4 വാർഡുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് 297 ലക്ഷം രൂപയ്ക്ക് അനുമതി നല്കിയിട്ടുണ്ട്.

4. ചെങ്കള, മുളിയാർ, മാധൂർ, മോഗ്രൽ, പുത്തൂർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതിയ്ക്ക് 1980 ലക്ഷം രൂപയ്ക്ക് അനുമതി നല്കിയിട്ടുണ്ട്.

5. സുസ്ഥിര സ്രോതസ്സ് പദ്ധതിയിൽ ഉൾ പ്പെടുത്തി ഏഴിമല നേവൽ അക്കാദമി കടിവെള്ള പദ്ധതിയ്ക്കുവേണ്ടി ഒരു ഡൈവേർഷൻ സ്ട്രക്ചർ നിർമ്മിക്കുന്നതിനായി 65 ലക്ഷം രൂപയ്ക്ക് അനുമതി നല്കിയിട്ടുണ്ട്.

ഇതിൽ സുസ്ഥിര സ്രോതസ്സ് പദ്ധതികൾക്ക് 100% കേന്ദ്ര ധനസഹായം ലഭിക്കും. ബാക്കി പദ്ധതികൾക്ക് കേന്ദ്രവും സംസ്ഥാനവും 50 : 50 എന്ന അനുപാതത്തിൽ ചെലവ് വഹിക്കുന്നതാണ്.

2010-ലും 2011-ലും അനുമതി ലഭിച്ച പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 2012-ൽ അനുമതി ലഭിച്ച പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ